25/01/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/01/2025

1. 2025 ജനുവരി 23 മുതൽ 26 വരെ ബാംഗ്ലൂരിലെ ത്രിപുരവാസിനി, പാലസ് ഗ്രൗണ്ടിൽ ഇൻ്റർനാഷണൽ ട്രേഡ് ഫെയർ 2025 (ഓർഗാനിക്സ് & മില്ലറ്റ്സ്) നടക്കുന്നു. ഇതോടനുബന്ധിച്ച് കൃഷി വകുപ്പിന്റെ സ്റ്റാളുകളും, ഓർഗാനിക് മില്ലറ്റ് ഉൽപന്നങ്ങൾക്കും, "കേരളാഗ്രോ ഓർഗാനിക്", "കേരളാഗ്രോ ഗ്രീൻ" ബ്രാൻഡഡ് ഉൽപ്പന്നങ്ങൾക്കും പ്രത്യേക ശ്രദ്ധ നൽകുകയും "കേരളാഗ്രോ" ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഉണ്ടായിരിക്കും.

2. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ കാർഷിക ) യന്ത്രവൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു . ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി (യറിംഗ് സെൻ്ററുകൾകസ്റ്റം ഹ) തുകയുടെ 40% സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കുന്നു .2024-2025 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 15/01/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ് എന്നറിയിച്ചിരുന്നെങ്കിലും ചില സാങ്കേതിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാരണങ്ങളാൽ ഓൺലൈൻ അപേക്ഷകൾ 25/01/2025 മുതൽ മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ എന്നറിയിക്കുന്നു .പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ ഫോൺ നമ്പറുകളിലോ, ഇ മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ് .(ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ :0471-2306748, 0477-2266084, 0495-2725354: E-mail smamkerala@gmail.com).

## പരിശീലന പരിപാടി

3. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ജനുവരി 29, 30 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 04712-501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക.

4. കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വച്ച് ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപ്പണികൾ, സർവീസ്, എന്നിവയിൽ അഞ്ചുദിവസം നീണ്ടുനിൽക്കുന്ന സൗജന്യ ട്രെയിനിങ് സംഘടിപ്പിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ജനുവരി 31 നകം ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ:9446370726.

5. **കാർഷിക നിർദ്ദേശം**

വിത്തുതേങ്ങയും വിത്തടക്കയും ശേഖരിക്കാൻ പറ്റിയ സമയമാണിത്. വർഷത്തിൽ എൺപതോ അതിൽ കൂടുതലോ നാളികേരം ഉണ്ടാകുന്നതും ഏറ്റവും കുറഞ്ഞത് 12 കുലകളെങ്കിലും ഉള്ളതും രോഗബാധയില്ലാത്തതുമായ തെങ്ങിൽ നിന്ന് വേണം വിത്തുതേങ്ങ ശേഖരിക്കാൻ. തേങ്ങയിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജലാംശം നഷ്ടപ്പെടാതിരിക്കാൻ അവ മണലിൽ സൂക്ഷിച്ച് വയ്ക്കണം. വിത്തടക്ക ശേഖരിക്കേണ്ടത് നന്നായി പാകമായ കുലകളിൽ നിന്ന് വേണം. രണ്ടാമത്തെയും മൂന്നാമത്തെയും കുലകൾ വിത്തടക്കക്ക് നല്ലതാണ്. മേന്മയുള്ള വൃക്ഷങ്ങളിൽ നിന്നും അടക്ക എടുക്കാം. മോഹിത് നഗർ, സൗത്ത് കാനറ എന്നിവ നല്ലയിനങ്ങളാണ്. കാർഷിക സർവ്വകലാശാലയുടെ നഴ്സറികളിൽ നിന്നും നല്ല തൈകൾ വാങ്ങാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം